LIBRARY ARCHIVES Kerala Legislative Assembly

കോളേജുകളിൽ നൂതന കോഴ്സുകൾ തുടങ്ങുവാൻ നടപടി

122(1107) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ നൂതന കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സ.ഉ.(എം.എസ്.)നമ്പർ 389/2020/ഉ.വി.വ., 5-11-2020, സ.ഉ.(എം.എസ്.) നമ്പർ 473/2020/ഉ.വി.വ., 30-12-2020, സ.ഉ.(എം.എസ്.) നമ്പർ 112/ 2021/ ഉ.വി.വ., 17-2-2021, സ.ഉ.(എം.എസ്.) നമ്പർ 150/2021/ ഉ.വി.വ. 25-2-2021 എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം 2020-21 അദ്ധ്യയന വർഷത്തിൽ നൂതന കോഴ്സുകൾ ഉൾപ്പടെ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021-22 അധ്യയന വർഷത്തിൽ നൂതന കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(ബി) മുൻസർക്കാരിന്റെ കാലത്ത് സർക്കാർ/എയ്ഡഡ് കോളേജുകളിൽ എത്ര അധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 400 പുതിയ അധ്യാപക തസ്തികകളും, എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ 753 പുതിയ അധ്യാപക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 132 അനദ്ധ്യാപക തസ്തികകൾ (3 സൂപ്പർന്യൂമറി തസ്തികകൾ ഉൾപ്പടെ) സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

മലപ്പുറത്തെ സർക്കാർ കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഒഴിവുകൾ

123(1108) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ സർക്കാർ കോളേജുകളിൽ പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ഭരണപരമായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഭരണപരമായും അക്കാദമികപരമായുമുള്ള പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രസ്തുത ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രിൻസിപ്പാൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കൊണ്ടുണ്ടാകുന്ന പ്രതിസന്ധി ഒഴിവാക്കാനായി സ്ഥാപനങ്ങളിലെ വൈസ് പ്രിൻസിപ്പാൾ/സീനിയർ അദ്ധ്യാപകർക്ക് പ്രിൻസിപ്പാളിന്റെ സാമ്പത്തിക അധികാരത്തോടുകൂടിയ പൂർണ്ണ അധിക ചുമതല നല്കിയിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയിലെ നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്.

(സി) ജില്ലയിലെ വിവിധ സർക്കാർ കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ; പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ വിവിധ സർക്കാർ കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ ചുവടെ ചേർക്കുന്നു. നിലവിലുള്ള അദ്ധ്യാപക ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതാണ്.

അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം

124(1109) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കിയിട്ടുണ്ടോ?

ഗവൺമെന്റ് ടെയിനിംഗ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിന് കീഴിൽ വരുന്ന ബി.എഡ്. കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിന് പ്രവർത്തി പരിചയം മാനദണ്ഡമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) മറ്റ് വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനങ്ങൾക്ക് പ്രവർത്തി പരിചയം ആവശ്യമില്ലെന്നിരിക്കെ ബി.എഡ്. കോളേജുകളിലെ പ്രസ്തുത തസ്തികയിലും പ്രവർത്തി പരിചയം ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.